ഉത്തരം

(എ) 2014-15 വർഷത്തെ കണക്കുകൾ പ്രകാരം സർക്കാർ, എയ്ഡഡ്/ അൺ എയ്ഡഡ് മേഖല ഉൾപ്പെടെ പത്താം ക്ലാസ്സ് വരെയുള്ള 12,615 സ്കൂളുകൾ ഉണ്ട്.

| | | |
|---|---|---|
| സർക്കാർ മേഖലയിൽ | - | 4619 |
| എയ്ഡഡ് മേഖലയിൽ | - | 7145 |

(ബി) സർക്കാർ/എയ്ഡഡ് മേഖലകളിലെ കുട്ടികളുടെ എണ്ണം (പ്രൊവിഷണൽ) സ്റ്റാൻഡേർഡ് തിരിച്ച് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## സ്കൂളുകളിലെ ബാലാവകാശ ലംഘനങ്ങൾ

110 (1165) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത സ്കൂളുകളിൽ വലിയ തോതിലുള്ള ബാലാവകാശ ലംഘനങ്ങൾ നടക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ?

ഉത്തരം

(എ&ബി) ഉണ്ട്. RTE Act പ്രകാരവും ബാലാവകാശം സംബന്ധിച്ചുള്ള നിയമങ്ങൾ പ്രകാരവുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും വിദ്യാലയങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹൈസ്കൂളുകളിലെ മലയാളം അദ്ധ്യാപകർ

111 (1166) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂളുകളിൽ മലയാളം അദ്ധ്യാപകരുടെ എത്ര ഒഴിവുകളുണ്ട് എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) എച്ച്.എസ്.എ. മലയാളം തസ്തികയുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എപ്പോഴാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 1 (ഇത് മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഒഴിവാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടർ നേരിട്ട് നിയമനം നടത്തുന്നതാണ്.) |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 3 (ഇതിൽ 2 ഒഴിവുകൾ തസ്തിക നഷ്ടപ്പെട്ടവരെ ക്രമീകരിക്കാൻ മാറ്റിവച്ചിരിക്കുന്നതാണ്) |
| കോട്ടയം | ഇല്ല |
| ഇടുക്കി | 1 |
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | ഇല്ല |
| പാലക്കാട് | 10 (ഇതിൽ 9 ഒഴിവുകൾ തസ്തിക നഷ്ടപ്പെട്ടവരെ ക്രമീകരിക്കാൻ മാറ്റിവച്ചിരിക്കുന്നതാണ്) |
| മലപ്പുറം | 16 |
| കോഴിക്കോട് | 6 |
| വയനാട് | ഇല്ല |
| കണ്ണൂർ | ഇല്ല |
| കാസർഗോഡ് | 2 |

(ബി) എച്ച്. എസ്. എ. മലയാളം തസ്തികക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് 14 ജില്ലകളിലും നിലവിലുണ്ട്. 30-9-2014 ൽ നിലവിലുള്ളതും 30-3-2015 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതും നാലര വർഷം പൂർത്തിയാക്കാത്തതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടേയും കാലാവധി ചില വ്യവസ്ഥകൾക്ക് വിധേയമായി 31-3-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് വേണ്ടി എല്ലാ ജില്ലകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്.